*മികച്ച പെരുമാറ്റത്തിനായി നിങ്ങൾക്കിടയിൽ പരസ്പര മത്സരം പ്രോത്സാഹിപ്പിക്കുന്നതിന് സ്വർഗ്ഗവും ഭൂമിയും സൃഷ്ടിച്ച, ഉദാരനും പരമകാരുണികനുമായ അള്ളായുടെ നാമത്തിൽ*

ഹജ്ജ് ഫണ്ട് ഓഫ് ഇന്ത്യ™

(സക്കാത്ത് ഫൗണ്ടേഷൻ ഓഫ് ഇന്ത്യയുടെ ഒരു യൂണിറ്റ് - രജിസ്റ്റർ ചെയ്ത ട്രസ്റ്റ്)

ലോകത്തിലെ *എല്ലാ* മുസ്ലീങ്ങളും ഏതെങ്കിലും സമയത്ത് ഹാജിമാർ ആകാറില്ല. തെരഞ്ഞെടുക്കപ്പെടുന്ന ചുരുക്കം ചിലരാണ് ഹജ്ജ് കർമ്മം അനുഷ്ഠിക്കുക. അതാണ് അള്ളാഹുവിന്റെ നിയമം. 'തിരഞ്ഞെടുക്കപ്പെട്ട ചിലരിൽ' ഒരാളാകാൻ നിങ്ങൾ ക്രിയാത്മകമായി ആഗ്രഹിക്കണം.

**നിങ്ങളുടെ അടിസ്ഥാനപരമായ ആത്മീയാവശ്യത്തിനായി, ഹജ്ജിന് വേണ്ടി പണം സ്വരൂപിക്കുന്നതിനും ഇങ്ങനെ സ്വരൂപിക്കപ്പെട്ട പണം പുണ്യമായ പലിശ രഹിത സുരക്ഷയിൽ സൂക്ഷിക്കുന്നതിനും HFI നിതാന്തം ജാഗ്രത പുലർത്തുന്നു.**

ഹജ്ജ് അനുഷ്ഠിക്കാനുള്ള ചെലവ് വർഷം തോറും കൂടിവരികയാണ്. ഏഴ് തൊട്ട് എട്ട് വർഷം വരെ പണം മിച്ചം വെച്ചാലേ ഒരു മുസ്ലീമിന് ഹജ്ജ് അനുഷ്ഠിക്കാൻ കഴിയുകയുള്ളൂ. ഈ കാലയളവിൽ, നമ്മൾ ഇന്ത്യൻ മുസ്ലീങ്ങൾ ശാസ്ത്രീയമല്ലാത്ത, പരമ്പരാഗത ശൈലിയിൽ പണം സ്വരൂപിക്കുന്നു. കിടക്കയ്ക്കടിയിലോ പാത്രത്തിലോ ബാങ്ക് ലോക്കറിലോ സൂക്ഷിക്കുന്ന പണം സുരക്ഷിതമല്ല എന്നും പലിശരഹിതമല്ലെന്നും നമ്മളിൽ പലരും വിശ്വസിക്കുന്നു.

പുണ്യകർമ്മത്തിനായി നാം സ്വരൂപിക്കുന്ന പണം, ശരിയത്തിൽ നിരോധിച്ചിരിക്കുന്നത് പോലെ പലിശ അടിസ്ഥാനമാക്കിയുള്ള വാണിജ്യപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കും എന്നതിനാൽ നമ്മുടെ സമ്പാദ്യം സാധാരണ ബാങ്കുകളിൽ സൂക്ഷിക്കുന്നത് നമ്മളിൽ പലർക്കും താൽപ്പര്യമുള്ള കാര്യമല്ല. എന്നാൽ, ആധുനിക കാലഘട്ടത്തിൽ ബാങ്കൊഴികെ മറ്റൊരിടവും നമുക്ക് നമ്മുടെ സമ്പാദ്യത്തിന് സുരക്ഷ നൽകുന്നില്ല. ഇതൊരു വിരോധാഭാസമാണ്.

**സാമൂഹിക ഉന്നമനത്തിനായി സമർപ്പിക്കപ്പെടുന്ന ഹജ്ജ് സമ്പാദ്യം**

നമ്മൾ ഓരോരുത്തരും ഹജ്ജിന് വേണ്ടി പൈസ സ്വരൂപിക്കുകയും നമ്മുടെ കയ്യിൽ സൂക്ഷിക്കുകയും ചെയ്താൽ, ഒരു തരത്തിലുള്ള സാമ്പത്തിക പ്രവർത്തനവും നടക്കാതെ പണം കെട്ടിക്കിടക്കും. ഇത് ഇസ്ലാമിക ചിന്തയ്ക്ക് വിരുദ്ധമാണ്. മാത്രമല്ല, പലരും ഹജ്ജ് കർമ്മം അനുഷ്ഠിക്കുന്നതിനായി സ്ഥലവും വീടും വരെ വിൽക്കുന്നതും കണ്ടുവരുന്നുണ്ട്. ഇത് സ്വകാര്യ വ്യക്തികളുടെയോ മതസമൂഹത്തിന്റെയോ സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന നൽകുന്നുമില്ല.

**ഹജ്ജിന് വേണ്ടി നിങ്ങൾ പണം സ്വരുക്കൂട്ടുമ്പോൾ നിങ്ങളുടെ *സവാബ്* വർദ്ധിപ്പിക്കുന്ന തരത്തിലുള്ള ഒരു ഉചിതമായ പരിഹാരമാർഗ്ഗമാണ് ഹജ്ജ് ഫണ്ട് ഓഫ് ഇന്ത്യ**

**അവതരിപ്പിക്കുന്നത്.** ഒരു പുണ്യകർമ്മത്തിനായുള്ള നിങ്ങളുടെ സമ്പാദ്യം സുരക്ഷിതമായി സൂക്ഷിക്കാൻ ഉതകുന്ന ഒരു സേവന ഏജൻസിയായി ഇത് പ്രവർത്തിക്കുന്നു. നിയമപരമായ പിന്തുണയും ഈ സേവനത്തിനുണ്ട്.

ഏത് ഇന്ത്യൻ മുസ്ലീമിനും HFI-യിൽ ഒരു ഹജ്ജ് അക്കൗണ്ട് തുറക്കാവുന്നതാണ്. ആയിരത്തിന്റെ ഗുണിതങ്ങളായി ഈ ഹജ്ജ് അക്കൗണ്ടിലേക്ക് പണം നിക്ഷേപിക്കാം. ഉദാഹരണമായി, 1,000, 2,000, 3,000, 4,000, 5,000 എന്നിങ്ങനെ... അല്ലെങ്കിൽ അതിലധികമോ. ഇതിനൊരു പരിധിയില്ല. എത്ര തവണകളായും നിങ്ങൾക്കിത് ചെയ്യാം, നിങ്ങൾക്ക് സൗകര്യപ്രദമായ സമയത്തും നിക്ഷേപം നടത്താം.

**ഹജ്ജ് ഫണ്ട് ഓഫ് ഇന്ത്യയിൽ നിക്ഷേപിക്കൽ**

"HAJ FUND OF INDIA ACCOUNT NO. 603020110000239, BANK OF INDIA" എന്ന പേരിൽ ബാങ്ക് ഡ്രാഫ്റ്റ് എടുത്തുകൊണ്ടോ ഒരു “A/C Payee” ചെക്ക് എഴുതി, ബാങ്ക് ഓഫ് ഇന്ത്യയുടെ, ഇന്ത്യയിലുള്ള ഏത് ബാങ്കിലും നിക്ഷേപിക്കുക വഴിയോ നിങ്ങൾക്കിത് ചെയ്യാം.

ഡ്രാഫ്റ്റിന്റെ/ചെക്കിന്റെ പിന്നിൽ, മുഴുവൻ പേരും വിലാസവും ഫോൺ നമ്പറും ഉണ്ടെങ്കിൽ അതും എഴുതേണ്ടതാണ്. ഡ്രാഫ്റ്റിന്റെ/ചെക്കിന്റെ രണ്ട് പകർപ്പുകൾ സൂക്ഷിക്കാൻ മറക്കരുത്. ഇത് ചെയ്തതിന് ശേഷം, അക്കൗണ്ട് തുറക്കാനുള്ള ഫോം (HFI-A) പൂരിപ്പിക്കുക, തുടർന്ന് നിങ്ങളുടെ ഡ്രാഫ്റ്റിന്റെ അല്ലെങ്കിൽ ചെക്കിന്റെ ഫോട്ടോകോപ്പിയുമൊത്ത് ഈ പൂരിപ്പിച്ച ഫോം സ്പീഡ് പോസ്റ്റായോ രജിസ്റ്റർ ചെയ്ത പോസ്റ്റായോ ഇനിപ്പറയുന്ന വിലാസത്തിലേക്ക് അയയ്ക്കുക: **CEO, Haj Fund of India, CISRS House, 14 Jangpura B, Mathura Road, New Delhi 110014.**

ഹജ്ജ് ഫണ്ട് ഓഫ് ഇന്ത്യയിൽ നിന്ന് പണം പിൻവലിക്കൽ:

അക്കൗണ്ടിൽ നിന്ന് പണം പിൻവലിക്കുന്നത്, നിങ്ങൾ ഹജ്ജ് അനുഷ്ഠിക്കാൻ പോവുകയാണെങ്കിൽ വളരെ ലളിതമാണ്.

HFI-B ഫോമിൽ ഒരു അപേക്ഷ, തപാൽ വഴിയോ നേരിട്ടോ ഞങ്ങൾക്ക് എത്തിക്കുക. നിങ്ങളുടെ പേരിലോ ഹജ്ജ് കമ്മറ്റിയുടെ പേരിലോ ട്രാവൽ ഏജന്റിന്റെ പേരിലോ നിങ്ങൾക്കൊരു ചെക്കോ പേ ഓർഡറോ ഞങ്ങൾ ഇഷ്യൂ ചെയ്യും. ഏത് വേണമെന്ന് നിങ്ങൾക്ക് തീരുമാനിക്കാം. ഇത് സ്പീഡ് പോസ്റ്റിലോ രജിസ്റ്റർ ചെയ്ത പോസ്റ്റിലോ നിങ്ങൾക്ക് അയച്ചുതരും അല്ലെങ്കിൽ നിങ്ങൾക്ക് നേരിട്ടും ഇത് വാങ്ങാവുന്നതാണ്.

**സമൂഹ നന്മയ്ക്കായി ഹജ്ജ് ഫണ്ട് ഓഫ് ഇന്ത്യയുടെ പ്രവർത്തനങ്ങൾ**:

സാമ്പത്തിക കാര്യങ്ങളിൽ ഉപദേശം നൽകുകയും മേൽനോട്ടം നടത്തുകയും ചെയ്യുന്ന ഒരു ശരിയത്ത് ഉപദേശക സമിതി (മുഴുവൻ ലിസ്റ്റ് കാണുക) **HFI**-യ്ക്കുണ്ട്. ശരിയത്ത് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ബഹുമുഖ നിക്ഷേപ പദ്ധതികൾ ഇത് ലക്ഷ്യമിടുന്നു.

പാവപ്പെട്ട മുസ്‌ലീങ്ങൾക്ക് ഹ്രസ്വകാല മൈക്രോഫിനാൻസ് നൽകുന്നതിന് ഹജ്ജ് ഫണ്ട് ഓഫ് ഇന്ത്യയുടെ ഒരു ഭാഗം ഉപയോഗിക്കപ്പെടുന്നു. ഉദാഹരണത്തിന് റിക്ഷ വലിക്കുന്ന തൊഴിലാളിക്ക് റിക്ഷ വാങ്ങാൻ പണം നൽകുന്നു (തുടർന്നങ്ങോട്ട് ഈ വ്യക്തിക്ക് ദിവസ വാടകയ്ക്ക് റിക്ഷയെടുക്കേണ്ടി വരില്ല). തന്റെ സമ്പാദ്യത്തിൽ നിന്ന് ഈ വ്യക്തി ഹജ്ജ് ഫണ്ട് ഓഫ് ഇന്ത്യക്ക്, ആറുമാസക്കാലം കൊണ്ട് ഈ വായ്പ തിരിച്ചടയ്ക്കുന്നു (പലിശയില്ലാതെ തന്നെ).

അതായത്, ഒരു റിക്ഷാക്കാരനെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തനാക്കിക്കൊണ്ട് ഈ വായ്പാ തുക ആറുമാസത്തിനകം തിരിച്ചെത്തുന്നു എന്ന് സാരം.

ഒപ്പം തന്നെ, ഈ നിക്ഷേപത്തിൽ നിന്ന് നിക്ഷേപകർക്ക് വേണ്ടി HFI സക്കാത്തും നടത്തുന്നു, മാതൃ സംഘടനയായ സക്കാത്ത് ഫൗണ്ടേഷൻ ഓഫ് ഇന്ത്യക്കാണ് ഈ പണം നൽകുന്നത്.

നിക്ഷേപകരുടെ അക്കൗണ്ടിൽ നിന്ന് ശേഖരിക്കുന്ന സക്കാത്തിലൂടെ ഗണ്യമായ സാമൂഹിക സേവനങ്ങൾ HFI നടത്തുന്നതിനാൽ അക്കൗണ്ട് ഉടമകൾക്ക് സംതൃപ്തിയും ലഭിക്കുന്നു. ഖുറാനിൽ പറഞ്ഞിരിക്കുന്ന പ്രകാരം, സാമ്പത്തിക സഹായം ആവശ്യമുള്ളവരെ, സക്കാത്ത് ഫൗണ്ടേഷൻ ഓഫ് ഇന്ത്യയിലൂടെ സഹായിക്കുന്നതിനാണ് ഈ പണം ചെലവിടുന്നത്.

അങ്ങനെ, നിങ്ങളുടെ ഹജ്ജ് സമ്പാദ്യത്തിന്റെ പവിത്രത ഉയരുന്നു, നിങ്ങൾക്ക് ഹജ്ജ് അനുഷ്ഠിക്കുന്നതിന്റെ ഫലമായി പരമകാരുണികനിൽ നിന്ന് വലിയ സവാബ് ലഭിക്കും. "വ്യക്തിയേക്കാൾ സമൂഹമാണ് പ്രധാനം" എന്നാണ് ഹജ്ജിന്റെ വിപുലമായ അർത്ഥം. തുടർന്നുള്ള ജീവിതത്തിൽ ഒരു ഉയർന്ന ചവിട്ടുപടി നിങ്ങൾക്ക് ലഭിക്കുന്നതിനാൽ ഈ വിപുലമായ അർത്ഥം അന്വർത്ഥമാകുന്നു.

മുതിർന്നയാളാകുമ്പോൾ ഹജ്ജിന് പോകാനുള്ള പണം കയ്യിൽ ഉണ്ടാവുന്ന തരത്തിൽ ചെറുപ്പത്തിൽ തന്നെ പണം സ്വരൂപിക്കുന്ന സ്വഭാവം ഇന്ത്യൻ മുസ്‌ലീങ്ങളിൽ ഉണ്ടാകുന്നതിനെ HFI പ്രോത്സാഹിപ്പിക്കുന്നു. തീർത്ഥാടനത്തിന് പോകാനുറച്ച് ('അസം-ഇ-ഹജ്ജ്'), HFI-യിൽ അക്കൗണ്ടിന്റെ ഉടമയാവുക എന്നത് ഇന്ത്യൻ മുസ്‌ലീം സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിലും പെട്ടവർക്ക് അഭിമാനകരമാണ്.

ചരിത്രത്തിൽ ഉടനീളം, 'ഹജ്ജ് എക്കോണമി' സമൃദ്ധിയുടെ ഒരു സ്രോതസ്സാണ്. ഇന്നത്തെ ആഗോള സാമ്പത്തികവ്യവസ്ഥയിൽ ഹജ്ജുമായി ബന്ധപ്പെട്ട വൈദഗ്ധ്യങ്ങൾ - തന്ത്രപരമായി ഉപയോഗപ്പെടുത്തിയാൽ - സമൂഹത്തിന്റെ ഉന്നമനത്തിന്റെ സ്രോതസ്സാകും.

ഇന്നത്തെ ആധുനിക ലോകത്തിൽ ഇസ്‌ലാമിക് ബോധനങ്ങൾ എങ്ങനെ പ്രയോഗിക്കാമെന്നതിന്റെയും പ്രയോഗിച്ചുകഴിഞ്ഞാൽ വ്യക്തികൾക്കും മുസ്‌ലീം സമൂഹത്തിനും എത്ര ഉപയോഗപ്രദവും പ്രയോജനകരവുമാകും എന്നതിന്റെയും പല ഉദാഹരണങ്ങളിൽ ഒന്നുമാത്രമാണ് HFI.

ഹജ്ജ് ഫണ്ടിന്റെ വിശദാംശങ്ങൾ:

**ഉറുദു**: ഹജ്ജ് ഫണ്ടിന്റെ നയങ്ങൾ ഇവിടെ ക്ലിക്കുചെയ്യുക >

**ഇംഗ്ലീഷ്**: ഹജ്ജ് ഫണ്ടിന്റെ നയങ്ങൾ ഇവിടെ ക്ലിക്കുചെയ്യുക >

**ഒരു ഹജ്ജ് ഫണ്ട് ഓഫ് ഇന്ത്യ അക്കൗണ്ട് സൃഷ്ടിക്കുന്ന വിധം:**

ഇവിടെ > ലഭ്യമായ, ഞങ്ങളുടെ അക്കൗണ്ട് തുറക്കൽ ഫോം ഡൗൺലോഡ് ചെയ്ത് പൂരിപ്പിക്കുക. നൽകിയിട്ടുള്ള വിലാസത്തിലേക്ക് സ്പീഡ് പോസ്റ്റായോ രജിസ്റ്റർ ചെയ്ത പോസ്റ്റായോ പൂരിപ്പിച്ച ഫോം അയയ്ക്കുക. ബാങ്ക് ഓഫ് ഇന്ത്യയുടെ ഏത് ബ്രാഞ്ചിലും നിങ്ങളുടെ ചെക്ക് അല്ലെങ്കിൽ ബാങ്ക് ഡ്രാഫ്റ്റ് നിക്ഷേപിക്കാവുന്നതാണ്. ഇവിടെ ക്ലിക്കുചെയ്താൽ > **എല്ലാ ബ്രാഞ്ചുകളുടെയും പട്ടിക** നിങ്ങൾക്ക് ലഭിക്കും.

* 'ഇന്ത്യൻ വ്യാപാരമുദ്രാ നിയമ പ്രകാരം 'ഹജ്ജ് ഫണ്ട് ഓഫ് ഇന്ത്യ'യുടെ **വ്യാപാരമുദ്ര** രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

ചോദ്യങ്ങൾ? ഇമെയിൽ അയയ്ക്കുക, hajfundofindia@zakatindia.org

(പരിഷ്കരിച്ചത് 4/10)

“സമൂഹ നന്മയ്ക്കും പലിശ രഹിത സുരക്ഷയിൽ ഹജ്ജ് ചെയ്യാൻ ആഗ്രഹിക്കുന്ന തീർത്ഥാടകരുടെ സമ്പാദ്യം സംരക്ഷിക്കുന്നതിനും **ഹജ്ജ് ഫണ്ട് ഓഫ് ഇന്ത്യ** എന്ന പേരിൽ ഒരു വേറിട്ട യൂണിറ്റ് ഉണ്ടാക്കുകയെന്ന ആശയത്തെ **ഹജ്ജ് കമ്മറ്റി ഓഫ് ഇന്ത്യ** അഭിനന്ദിക്കുന്നു...”

“ഈ പദ്ധതിക്ക് പൊതുജനങ്ങൾക്കിടയിൽ മാധ്യമങ്ങളിലൂടെയും ഇലക്ട്രോണിക്ക് മാധ്യമങ്ങളിലൂടെയും വിപുലമായ പ്രചാരണം നൽകണം.”

ഇന്ത്യൻ ഹജ്ജ് കമ്മറ്റി

(കത്ത് GEN/2010/1055, തീയതി 22 ഏപ്രിൽ, 2010)